PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

(Second Meeting)

Friday the 10th October 1969

Vol. XXV] **OFFICIAL REPORT** **[No. 22**

The Assembly met in the Assembly Chamber, Trivandrum at eight of the clock on Friday, the 10th October 1969, with the Deputy Speaker in the Chair.

1. QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the session.)

(i) ORAL ANSWERS

Deputy Speaker : Order, Order. Questions and Answers.

ലതർ ടാനിംഗ് വ്യവസായം

* 248 [903] ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെൻറു സഹായത്തോടുകൂടി ഒരു ലതർ ടാനിംഗ് വ്യവസായം ആരംഭിക്കുന്നതിന് ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ ;

(ബി) ഈ ആവശ്യത്തിനുവേണ്ടി ഗവൺമെൻറിന് വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇക്കാര്യം ഗവൺമെൻറ് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ബി, സി) ഇല്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ലെതർ ടെക്നോളജിയിൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥൻമാർ വ്യവസായ വകുപ്പിലുണ്ടോ; അവരുടെ സഹായം വ്യവസായമാരംഭിക്കുന്നതിനുമുൻപ് തേടാവുന്നതല്ലേ ?

ശ്രീ. ടി. വി. തോമസ് : ഇക്കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. റീജിയണൽ ആഫീസർമാരുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly